ഹാർബർ എഞ്ചിനീയറിംഗ് വിംഗ്

* 746 [812] ശ്രീ. കല്പട നാരായണൻ:

,, എ. വി. താമരാക്ഷൻ:

,, ത്യാഗരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ പ്രവർത്തനത്തിന് ഹാർബർ എഞ്ചിനീയറിംഗ് വിംഗ് എന്ന ഒരു പ്രത്യേക വിഭാഗം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിഭാഗം പ്രത്യേകമായി എന്നാണ് രൂപീകരിച്ചത്;

(സി) ഈ വിഭാഗത്തിലെ സാങ്കേതിക പരിജ്ഞാനം ഉള്ള ജീവനക്കാരെ ഏത് അടിസ്ഥാനത്തിലാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ആസ്ഥാനം എവിടെയാണ്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) 1-4-1969-ൽ

(സി) സൂപ്രണ്ടിങ് എഞ്ചിനീയറേയും എക്സി: എഞ്ചിനീയറേയും പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റിൽ നിന്ന് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറൻമാരെ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റിൽനിന്ന് സ്ഥലം മാറ്റി പ്രമോട്ടു ചെയ്ത് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു. ജൂനിയർ എഞ്ചിനീയർമാരേയും മറ്റു സാങ്കേതിക ഉദ്യോഗസ്ഥൻമാരേയും താൽക്കാലികാടിസ്ഥാനത്തിൽ ഗവൺമെന്റ് നിയമിച്ച ഒരു സെലക്ഷൻ കമ്മിറ്റിവഴിയാണ് നിയമിച്ചത്. ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളവരുടെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് 1975 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ചു. അതിനു ശേഷമുള്ള നിയമനങ്ങളെല്ലാം പ്രസ്തുത സ്പെഷ്യൽ റൂൾസ് അനുസരിച്ചാണ് നടത്തുന്നത്.

(ഡി) ഹാർബർ എഞ്ചിനീയറിംഗ് വിംഗിന്റെ ഇപ്പോഴത്തെ ആസ്ഥാനം തിരുവനന്തപുരത്താണ്.

ശ്രീമതി ഇന്ദിരാഗാന്ധിയുടെ കേരളാ സന്ദർശനത്തിന് ചെലവായ തുക

* 747 [813] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ:

(എ) 1977 മാർച്ചിൽ നടന്ന പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ കേരളസന്ദർശനത്തിന് സംസ്ഥാനഗവൺമെന്റിന് ചെലവായതുകയിൽ എന്തെങ്കിലും ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയിൽ നിന്നും ഈടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുതുക; ഏതു രാഷ്ട്രീയപ്പാർട്ടിയിൽനിന്ന്; ഏതു തീയതിക്ക്;

LIBRARY ARCHIVES Kerala Legislative Assembly